**21U139** (Pages: 2) Name: ……………………..

Reg. No: ………………….

**FIRST SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, NOVEMBER 2021**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL1 A07(1) – മലയാളസാഹിത്യം – I**

(Common Course)

(2019 Admission onwards)

Time: 2½ Hours Maximum: 80 Marks

Credit: 4

**Section - A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ പരമാവധി 25 മാർക്ക്.

1. "പാരിച്ചു ചാടിനാൻ ചാരത്തെ വാരിയിൽ .
   വേരറ്റ മേരുക്കുന്നെന്ന പോലെ "
   സൂചിത കഥയെന്തെന്ന് വിശദമാക്കുക.?
2. 'ആ കൊച്ചു വാചകം ഏകാന്തതയുടെ മരുഭൂമി നനച്ചു.
   എന്നിട്ടും ഞരങ്ങാതിരിക്കാൻ കഴിഞ്ഞില്ല "
   സാഹചര്യമെന്ത്?
3. ഉറങ്ങാൻ കഴിയാതെ കിടന്ന പാത്തു കണ്ട സ്വപ്നം എന്തായിരുന്നു ? കഥയുടെ ഭാവതലത്തെ സ്പർശിക്കുന്നതാണോ ആ സ്വപ്നം ? വിലയിരുത്തുക.
4. പഞ്ചവടി ഗ്രാമത്തെക്കുറിച്ച് കുറിപ്പെഴുതുക
5. "മരം പൂത്ത് കനി മുന്നം പറിച്ച് തിന്നെ - ഇരസം
   മനസ്സിനുള്ളില് മറന്നോ കണ്ണ പിന്നെ? മറിയക്കുട്ടിയുടെ ഈ വാക്കുകളിൽ തെളിയുന്ന വ്യംഗ്യാർത്ഥമെന്ത്?
6. "അടുത്ത വരവിന് ഇങ്ങനെ ബസ് കാത്തു നിൽക്കണ്ട. ഞങ്ങൾ കാർ മേടിക്കുന്നുണ്ട് " ഇവിടെ ഞങ്ങൾ എത്ര പ്രയോഗത്തിലെ ധ്വനിയെന്ത് ?
7. കുഞ്ഞിക്കാവമ്മ പോയപ്പോൾ കുഞ്ചുനായർ അനുസ്മരിച്ച പഴയകാലസ്മരണകൾ എന്തെല്ലാം ?
8. ഉണ്ണിയാർച്ചയുടെ തേച്ചുകുളിയും അണിഞ്ഞൊരുങ്ങലും എപ്രകാരമായിരുന്നു? വിവരിക്കുക.
9. "എന്തു തന്റെ തീണ്ടലാണ് തമ്പുരാന്റെ തീണ്ടല് " ഇവിടെ തമ്പുരാന്റെ തീണ്ടലിനെ കവി എതെല്ലാം രീതിയിൽ പ്രതിരോധിക്കാൻ ശ്രമിക്കുന്നു?

10. "കുറ്റം കൂടാതുള്ള നരന്മാർ
കുറയും ഭൂമിയിലെന്നുടെ താത ! " ഈ വരികളിൽ
തെളിയുന്ന ജീവിതാവബോധമെന്ത്?

11. "സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണം കെട്ടു നടക്കുന്നിതു ചിലർ " മദമത്സരങ്ങൾ
നിറഞ്ഞജീവിതത്തെ ആക്ഷേപഹാസ്യത്തിലൂടെ പൂന്താനം
നവീകരിക്കാൻ ശ്രമിക്കുന്നതെങ്ങനെ?

12. "ആ കൂട്ടുകാരികൾ മറ്റാർക്കും കാണാനാകാതെ അവളെ
പൊതിഞ്ഞു " സാഹചര്യം വ്യക്തമാക്കുക.

13. "സീതയ്ക്കെതിരായ രേഖാമൂലമുള്ള പരാതികൾ എന്റെ
കൈയ്യിൽ കിട്ടിയിരിക്കുന്നു. "മിസിസ് വാസന്തി നായർ
ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?

14. " പേടിക്കേണ്ട . മുൻ വശത്തെ വാതിൽ താഴിട്ടിട്ടുണ്ട് " ഈ
വാക്കുകൾ കേട്ട സാക്ഷി അനുഭവിച്ചവികാരം
എന്തായിരിക്കാം ?

15. വസൂരിക്കാലത്ത് നായകനെ രാച്ചിയമ്മ പരിചരിച്ചതെങ്ങനെ?

**(Ceiling: 25 Marks)**

**Section - B**

II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. അഞ്ചു മാർക്ക്
വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്.

16. അല്ലിമലർക്കാവിലെ കൂത്തു കാണാൻ പോകുന്ന
ഉണ്ണിയാർച്ചയുടെ തയ്യാറെടുപ്പുകളിൽ ഏതെല്ലാം നാടോടി
വാങ്മയങ്ങൾ കടന്നുവരുന്നുണ്ട്?

17. സ്വഭാവ ചിത്രീകരണം നടത്തുക - കുഞ്ഞിക്കാവമ്മ

18. "ഇത് പറയുമ്പോൾ ബിശ്വേശ്വർഗരാമി കരയുന്നു
എന്നറിഞ്ഞില്ല. " ഇങ്ങനെ പറയാൻ കാരണമായ
സംഭവമെന്ത്?

19. "മത്സരിക്കുന്നതെന്തിന്നു നാം വ്യഥാ " പൂന്താനം ,ഏതു
സമയത്ത് മത്സരിക്കുന്നത് വെറുതെയാണെന്നാണ്
ഉദ്ബോധിപ്പിക്കുന്നത്?

20. "തവിട്ടു കച്ചക്കാരൻ നടനെ വട്ടമ്മ സ്വകാര്യമായി
അഭിനന്ദിച്ചു " . കാരണമെന്ത്?

21. ജീവിതത്തെക്കുറിച്ചും പ്രണയത്തെക്കുറിച്ചുമൊക്കെയുള്ള പാരമ്പര്യ ചിന്താഗതികളെ സരസ്വതിയമ്മ തിരുത്തിക്കുറിക്കുന്നതെങ്ങനെ?
22. തന്റെ മകളുടെ ഭാവിവരന് എന്തെല്ലാം മേന്മകൾ വേണമെന്നാണ് ഭീഷ്മകൻ അഭിപ്രായപ്പെടുന്നത്?
23. മറിയക്കുട്ടി തന്റെ സങ്കടം പറയുന്നതിലൂടെ സ്ത്രീസ്വത്വത്തിനു നേരെ ഉയരുന്ന അപവാദങ്ങളെ പ്രതിരോധിക്കുകയും ചെയ്യുന്നുണ്ടോ ? ചർച്ച ചെയ്യുക?

**(Ceiling: 35 Marks)**

**Section - C**

III. ഏതെങ്കിലും രണ്ട് ചോദ്യത്തെ കുറിച്ച് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം

24. വീടുകളുടെയും ബന്ധങ്ങളുടെയും സുരക്ഷിതത്വം മിഥ്യയാണെന്ന് പ്രമോദ് രാമൻ തന്റെ കഥയിലൂടെ വ്യക്തമാക്കുന്നതെങ്ങനെ?
25. പ്രാചീനകവിത്രയത്തിലെ കവികളുടെ കവിതകളിലെ സാമൂഹിക വീക്ഷണം എന്തായിരുന്നു എന്ന് നിങ്ങൾ പഠിച്ച പാഠഭാഗത്തെ മുൻനിർത്തി ചർച്ച ചെയ്യുക.
26. സ്ത്രീ ജീവിതങ്ങളിലെ അടക്കിവെച്ച സംഘർഷങ്ങൾ യഥാതഥ കഥകളിൽ ചിത്രീകരിക്കപ്പെടുന്നത് എങ്ങനെ ? മോതിരം, ഡബിൾ ആക്റ്റ്, രാച്ചിയമ്മഎന്നീ കഥകളെ അടിസ്ഥാനമാക്കി പരിശോധിക്കുക ?
27. നാടൻ പാട്ട് , വടക്കൻ പാട്ട് , മാപ്പിളപ്പാട്ട് കൃതികളിലെ പ്രാദേശികതയും വൈയക്തികതയും വീരവും, ദുഃഖവുമെല്ലാംവ്യക്തമാക്കുന്നവരികൾ കണ്ടെത്തി ആസ്വാദനം തയ്യാറാക്കുക.

**(2 × 10 = 20 Marks)**

*******